"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം -മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീ.പി.എൻ.സുമേധ് ശൂന്യവേതനാവധി വിനിയോഗം കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തതിനാൽ - രാജി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യു ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2977/2022/LSGD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-

1. 16.06.1997 തീയതിയിലെ സ.ഉ(സാധാ) നം.1908/1997നമ്പർ ഉത്തരവ്
2. ചീഫ് ടൗൺ പ്ലാനറുടെ 26 / 05/ 2022 ലെ TCPCTP/ 2085 / 2020 -A 3 നമ്പർ കത്ത്
3. ഡെപ്യൂട്ടി ടൗൺ പ്ലാനർ ,ശ്രീ .പി.എൻ. സുമേധിന്റെ 25/04/2022 -ലെ അപേക്ഷ

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ മുഖ്യനഗരാസൂത്രകന്റെ കാര്യാലയത്തിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ, ശ്രീ. സുമേധിന് പരാമർശം (1) പ്രകാരം 13.06.1997 മുതൽ 12.06.2002 വരെ അഞ്ച് വർഷത്തേക്ക് ശൂന്യ വേതനാവധി അനുവദിച്ചിരുന്നു. ടി അവധി കഴിഞ്ഞ് ടിയാൻ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടില്ലായെന്നും ആയതിനാൽ ടിയനെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഡെപ്യൂട്ടി ടൗൺ പ്ലാനർ, ശ്രീ സുമേധ് പരാമർശം (3) പ്രകാരം രാജി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ സുമേധിന് ഭാവിയിൽ സർക്കാർ സർവീസിൽ നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ലായെന്നും, കേരള സർവീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 23 ന് ചുവടെയുള്ള സർക്കാർ തീരുമാനം 1(b)(c) എന്നിവ പ്രകാരം ടിയാന്റെ പേരിൽ ബാധ്യതകളൊന്നും നിലനിൽക്കാത്ത സാഹചര്യത്തിൽ രാജി അപേക്ഷ തീയതിയായ 25-04-2022 പ്രാബല്യത്തിൽ ശ്രീ.പി.എൻ. സുമേധിന്റെ രാജി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ചീഫ് ടൗൺ പ്ലാനർ ,തിരുവനന്തപുരം

ശ്രീ.പി.എൻ. സുമേധ്, ഡെപ്യൂട്ടി ടൗൺ പ്ലാനർ, തിരുവനന്തപുരം (ചീഫ് ടൗൺ

പ്ലാനർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ &ഇ ) , തിരുവനന്തപുരം

ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി (EU4/30/2021-LSGD

ഉത്തരവിൻ പ്രകാരം

Signed by Subha S
Date: 02-12-2022 16:46:47

സെക്ഷൻ ഓഫീസർ